ഉത്തരം

(എ) നാല് ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേഴ്സ് സ്റ്റേഡിയങ്ങളുടെ പണി തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരത്തെയും, തലശ്ശേരിയിലേയും സ്റ്റേഡിയം പണികൾ പൂർത്തിയായിരിക്കുന്നതിനാൽ അവ ഇതിൽ ഉൾപ്പെടുന്നില്ല.

(ബി) തൃശ്ശൂർ സ്റ്റേഡിയത്തിന്റെ പണി 1959 ആരംഭത്തിൽ തുടങ്ങി. എന്നത്തേക്കു പൂർത്തിയാകുമെന്നു ഇപ്പോൾ കണക്കാക്കുവാൻ നിവൃത്തിയില്ല.

(സി) ഉദ്ദേശം ഏഴുലക്ഷം രൂ. വേണ്ടിവരുമെന്നാണു് കണക്കാക്കിയിരിക്കുന്നതു്.

വെസ്റ്റുകോസ്റ്റു റോഡിലുള്ള കോഴിക്കോട്ടു ടൗണിന്റെ ബൈപാസ്.

111. [3] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെസ്റ്റുകോസ്റ്റു റോഡിലുള്ള കോഴിക്കോട്ടു ടൗണിന്റെ ബൈപാസ് റോഡിനെ സംബന്ധിച്ചു് ഗവണ്മെന്റു് അവസാനമായി അതിന്റെ അലൈൻമെന്റു നിശ്ചയിച്ചോ;

(ബി) അതിന്റെ പ്രവൃത്തി ഏതു സ്റ്റേജിലെത്തിയിരിക്കുന്നു?

ഉത്തരം

(എ) ഇല്ല.

(ബി) വിവിധ അലൈൻമെന്റുകളും പരിശോധനയിലിരിക്കുന്നു.

വൺവേ ട്രാഫിക്കു്.

112. [4] ശ്രീ. കെ. ജി. കരുണാകര മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി ടൗണിൽ 'വൺവേ ട്രാഫിക്കു്' ആക്കുവാൻ വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണു്;

(സി) ഇല്ലെങ്കിൽ അതുടനെ പരിഗണനയിൽ എടുക്കുവാൻ ഒരുവുണ്ടാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എ-ക്കു് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പൊന്നാനി ടൗണിൽ 'വൺവേ ട്രാഫിക്കു്' ഏർപ്പെടുത്തുവാനുള്ള റോഡു് സൗകര്യം ഇപ്പോഴില്ല. കനോലി കനാലിനുള്ള 4-ാം നമ്പർ പാലം പണിതതിനുശേഷമേ ഈ കാര്യം പരിഗണിക്കുവാൻ നിർവാഹമുള്ളൂ.

OBITUARY REFERENCE

മി. സ്പീക്കർ: സഭാനടപടികളും തുടങ്ങുന്നതിനുമുമ്പായി എനിക്കു് ഒരു റെഫറൻസു നടത്താനുണ്ടു്. തിരുവിതാംകൂർ ശ്രീമൂലം പാപ്പുലർ 9 A.M.] അസംബ്ലിയിൽ ഒരു മെമ്പറായിരുന്ന ശ്രീ. ഇസ്മയിൽപിള്ള മഹമ്മദു് മുസ്ലീം നിർഭാഗ്യനായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഒരു നിയമസഭാംഗം, പൊതുക്കാര്യപ്രസക്തൻ, സമുദായ പ്രവർത്തകൻ, എന്നീ നിലകളിലും വിദ്യാഭ്യാസ മേഖലയിലും അദ്ദേഹം മഹത്തായ സേവനം നടത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്നു് അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുന്നതു് ഉചിതമായിരിക്കും.

As a mark of respect to the memory of the deceased, the House stood in silence for a while.

Announcement by Speaker

Mr. Speaker: In regard to the election of Members to the public Accounts Committee and the Estimates Committee for the Financial year 1964—1965 since the number of persons duly nominated is the same as the number of vacancies, no poll is necessary. The two Committees will be constituted in due course and the necessary Bulletins issued.

ADJOURNMENT MOTIONS

Alleged tense situation prevailing at Thaikal

Mr. Speaker: I have received notices under Rule 49 for leave to adjourn the business of the House to discuss a matter of urgent public importance namely the tense situation prevailing in Thaikal consequent on the reported theft of a few sacred things from Thaikal Church. Shri Antony D'Cruz, Shri C. Achutha Menon, Shri K. T. Thomas and Shri K. M. George have given notices under the same Rule. I call upon the hon. Minister to state the facts.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, ഈ കഴിഞ്ഞ 20—ാംതീയതി രാത്രിയിൽ തൈക്കൽപള്ളിയിൽ വളരെ നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. ആരോ മനഃപൂർവ്വമായി അന്നു രാത്രിയിൽ പള്ളിയുടെ തെക്കു വശത്തു് ആംട്ടറിന്റെ സമീപഭാഗത്തു ഒരു ദ്വാരം ഉണ്ടാക്കുകയും പള്ളിക്കുള്ളിൽ പ്രവേശിച്ചു് പല സാധനങ്ങൾക്കും നാശമുണ്ടാക്കുകയും ചെയ്തു. ആ കൂട്ടത്തിൽപെട്ട സാധനങ്ങളിൽ അറിയപ്പെട്ടിട്ടുള്ളവ ഞാൻ വായിക്കാം. ഞാൻ അതിന്റെ ഇംഗ്ലീഷ്പദങ്ങൾ വായിക്കാം. അതിന്റെ മലയാളപദം എനിക്കു നിശ്ചയമില്ല. Tabernacles Crucifix, a framed picture of Our Lady of Perpetual Succour ഇതിൽ ചിലതൊക്കെ എടുത്തുകൊണ്ടുപോയി. ചിലതൊക്കെ തല്ലിപ്പൊളിച്ചു് പള്ളി കാമ്പൗണ്ടിന്റെ പല ഭാഗങ്ങളിലായി ഇട്ടിരുന്നു. ക്യാഷ്ബോക്സിനകത്തു് നൂറു രൂപാസ്സുകം ഉണ്ടായിരുന്നതായിട്ടാണു് വിചാരിക്കുന്നതു്. അതിനുപുറമേ തൊട്ടടുത്തുള്ള ശ്മശാനത്തിന്റെ മതിൽ ഒരു ഭാഗം പൊളിച്ചുകളയുകയും ഒന്നു രണ്ടു സ്ഥലങ്ങളിൽ സാരമായ കേടു വരുത്തുകയും ചെയ്തിരുന്നു. രാത്രിയിൽ വലിയ മഴയുണ്ടായിരുന്നു. രാത്രിയിൽ അതിനെപ്പറ്റി ആരും അറിഞ്ഞില്ല. പിറേറന്നു മാത്രമാണു് ഇങ്ങനെ ഒരു സംഭവം ഉണ്ടായതായി ജനങ്ങൾ അറിഞ്ഞതു്. ഉടനെ പോലീസിനെ അറിയിക്കയുണ്ടായി. പോലീസു് ഉടനെ സ്ഥലത്തെത്തി അന്വേഷണങ്ങൾ ആരംഭിച്ചു. സർ, അവിടെ കണ്ടതു, ഈ സ്റ്റാറ്റ്യൂ മാറിയതെല്ലാം മനഃപൂർവ്വമായി തല്ലിത്തകർത്തു പല ഭാഗത്തായി എറിഞ്ഞിരുന്നതാണു്. പണമോ മറ്റു വിലപിടിപ്പുള്ള സാധനങ്ങളോ കൈവശപ്പെടുത്താൻ വേണ്ടിയല്ല ഈ സംഭവം ഉണ്ടായിരിക്കുന്നതു്. മനഃപൂർവ്വമായി ഒരു വിഭാഗം ജനങ്ങളുടെ മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തണമെന്നുള്ളതായി ഈ സാഹചര്യങ്ങൾ കണ്ടാൽ തോന്നും. പള്ളിയുടെ ഒരുവശത്തു കുത്തിപ്പൊളിച്ചുണ്ടാക്കിയിരിക്കുന്ന ദ്വാരത്തിനു് കഷ്ടിച്ചു് ഒന്നര അടി വ്യാസംമാത്രമേയുള്ളു. അതിന്റെ വ്യാസം ഏറ്റവും കൂടുതൽ 17 ഇഞ്ചും ഏറ്റവും കുറഞ്ഞതു 15 ഇഞ്ചുമാണു്. അതിൽക്കൂടി പുറത്തു കടക്കുന്നതു പ്രയാസമായ ഒരു സംഗതിയാണു്. ഏതെങ്കിലും ബലമുള്ള സാധനങ്ങൾ ഉപയോഗിച്ചേ അതു പൊളിക്കാൻ സാധിക്കയുള്ളു. ഈ വിവരം അറിഞ്ഞു സ്ഥലത്തെത്തിയ പോലീസു് കണ്ടതു് ഈ സാധനങ്ങൾ പല സ്ഥലത്തായി കിടക്കുന്നതാണു്. ആ സ്ഥലത്തുള്ള ആളുകൾ അവിടം

LIBRARY ARCHIVES Kerala Legislative Assembly